## 702

എന്റെ സംരക്ഷകൻ എന്റെ പരിപാലകൻ
സർവ്വദാതാവും കർത്തൻ തന്നേ ഈ മരുഭൂയാത്രയിൽ

1 ആഞ്ഞടിച്ചിടുന്ന കൊടുങ്കാറ്റിൻ ശക്തിയും
ആഴിയിൻ ഓളത്തിൻ മുഴക്കങ്ങളും
അമരുക എന്ന പ്രപഞ്ചനാഥന്റെ
ആജ്ഞ കേട്ടുടനടങ്ങീടുന്നു
അല്ലൽ തെല്ലുമില്ലാതെൻ പടകും നീങ്ങിടുന്നു-

2 ഇഹത്തിലെ ദുരിതങ്ങളധികമാണെങ്കിലും
ഇസബേലിൻ ഭീഷണി ഏറുകിലും
ഇവിടെ യാതൊന്നും ശക്തമല്ലെന്നുടെ
ഈ ദൈവസ്നേഹത്തെ വേർതിരിപ്പാൻ
ഇതിൽ തന്നെയെന്റെ ദേഹി ആത്മ ഉറച്ചീടുന്നു-

3 കാഹളം ധ്വനിച്ചീടും കാന്തൻ വന്നിടും വേഗം
കോടാനുകോടി ദൂതർ മദ്ധ്യത്തിൽ കണ്ടിടും ഞാനെന്റെ
കാന്തന്റെ പൊന്മുഖം കരുമന തീർന്നിടും എന്നേക്കുമായി
കഴൽ രണ്ടും ഈ ഏഴ ഞാൻ മുത്തിടുമേ- A.N.